**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.അബ്ദുൾ സലാം ഇ., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വെളിയനാട് ഫയൽ ചെയ്ത OA 2243/16 - 28.09.2016-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.32/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 07.01.2017.**

---

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 29.07.2016-ലെ 6866/Estt.B1/2016/CRD നമ്പർ നടപടിക്രമം.

2) ശ്രീ.അബ്ദുൾ സലാം ഇ., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വെളിയനാട് സമർപ്പിച്ച 17.09.2016ലെ അപ്പീൽ (Annexure A10).

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2243/2016-ന്മേലുള്ള 28.09.2016-ലെ ഉത്തരവ്.

4) ഗ്രാമവികസന കമ്മീഷണറുടെ 01.12.2016-ലെ 6866/എസ്റ്റാ.ബി1/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.അബ്ദുൾ സലാം ഇ., താല്ക്കാലിക പ്രൊമോഷൻ റഗുലറൈസേഷൻ, സീനിയോറിറ്റി ലിസ്റ്റ് എന്നിവയിലെ അപാകത പരിഹരിക്കുക, വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ സംബന്ധമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2243/16 നമ്പർ കേസിലെ 28.09.2016-ലെ ഉത്തരവ് വിധിന്യായം ഇപ്രകാരമായിരുന്നു.

> Having regard to the facts of the case, the first respondent is directed to consider and pass orders on Annexure A10 appeal in accordance with law after giving an opportunity of being heard to the applicant and others if any likely to be affected by the decision, within three months from the date of receipt of a copy of the order. While producing a copy of this order the applicant shall produce a copy of the Original Application also before the first respondent.

2) പരാമർശം (1)-ലെ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമത്തിനെതിരെ, പരാമർശം (2) പ്രകാരം ശ്രീ.അബ്ദുൾ സലാം സമർപ്പിച്ചിരുന്ന അപ്പീലിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ടിയാന് അർഹതപ്പെട്ട സമയത്ത് റഗുലറൈസ് ചെയ്യാത്തത് മൂലം ടിയാന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉണ്ടായ അപാകത പരിഹരിച്ചും ഒപ്പം ടിയാന് അർഹതപ്പെട്ട ഇൻക്രിമെന്റുകൾ അനുവദിച്ചും ഉത്തരവാകണമെന്നാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ സലാമിനെ 2.12.2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഗ്രാമവികസന കമ്മീഷണേറ്റിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി. അപേക്ഷയിൽ ഉന്നയിച്ച ആവശ്യങ്ങൾ ടിയാൻ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചു.

4) പരാമർശം (4)-ലെ ഗ്രാമ വികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട 17.01.1967-ലെ ജി.ഒ.(പി) നം.7/67/പി.ഡി നമ്പർ സ്പെഷ്യൽ റൂൾ പ്രകാരം ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വിഭാഗത്തിൽ നിന്നും പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന 51 ബ്ലോക്ക് ഡെവലപ്മെന്റ്

ഓഫീസർമാരിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അനുപാതം 9:1 എന്നതായിരുന്നു. (അതായത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 46, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 5). 30.07.2008-ലെ സർക്കാർ ഉത്തരവ് (പി) നം.216/08/തസ്വഭവ പ്രകാരം ടി രണ്ട് തസ്തികകളും ഏകീകരിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന ഒറ്റ തസ്തികയാക്കി മാറ്റുകയും ഒരു സംയോജിത സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കണമെന്ന ഭേദഗതി വരികയും ചെയ്തു. സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ ഒരു ഭാരിച്ച ജോലിയായതുകൊണ്ടും ഇതിലേയ്ക്കുള്ള സർവ്വീസ് വിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ലാതിരുന്നതിനാലും സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ പൂർത്തിയാക്കൽ പ്രക്രിയ നീണ്ടു പോവുകയായിരുന്നു. ആകയാൽ പി.എസ്.സി. മുഖേന നേരിട്ട് തസ്തികമാറ്റം വഴി നികത്തേണ്ടതായ ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിന്റെ അഭാവത്തിലും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തിക അധിക നാൾ ഒഴിച്ചിടുവാൻ കഴിയാത്ത സാഹചര്യത്തിലും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) വിഭാഗത്തിൽ നിന്നും കീഴ്‌വഴക്കമനുസരിച്ച് 9:1 അനുപാതത്തിൽ **താൽക്കാലിക സ്ഥാനക്കയറ്റം** നൽകി ഒഴിവുകൾ നികത്തുകയായിരുന്നു. ഇപ്രകാരം **താൽക്കാലിക സ്ഥാനക്കയറ്റം** ലഭിക്കുന്നവരെ കേഡർ സ്ട്രെങ്ത് പ്രകാരം ക്രമീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശവും, ഇക്കാര്യത്തിലുള്ള സർക്കാർ സ്പഷ്ടീകരണവും അനുസരിച്ച് കേഡർ സ്ട്രെങ്തിൽ ഉൾപ്പെട്ടവർ വിരമിക്കുകയോ, സ്ഥാനക്കയറ്റം ലഭിക്കുകയോ, മരണപ്പെടുകയോ ചെയ്യുമ്പോൾ അതേ വിഭാഗത്തിൽപ്പെട്ടവരെ അതേ കേഡർ സ്ട്രെങ്തിലേക്ക് ക്രമീകരിക്കുകയാണ് ചെയ്യുന്നത്.

5) 16.02.2011-ലെ ജി.ഒ.(പി) നം.44/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തപ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അനുപാതമായ 9:1 നിഷ്കർഷിക്കുകയുണ്ടായില്ല. ഫീഡർ വിഭാഗം ജീവനക്കാർക്ക് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാവുന്ന പരമാവധി തസ്തികകൾ 51 ആണ്. എന്നാൽ ബൈട്രാൻസ്ഫർ വഴി നികത്തേണ്ട ഒഴിവുകൾ നിലവിലുണ്ടായിരുന്നതിനാൽ ശ്രീ.അബ്ദുൽ സലാമിന് 27.01.2009-ൽ **താൽക്കാലിക പ്രൊമോഷൻ** ലഭിച്ചു. ഇത്തരം പ്രൊമോഷനുകൾ കേഡർ സ്ട്രെങ്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ടതാണെന്നു സർക്കാരും അക്കൗണ്ടന്റ് ജനറലും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഒഴിവനുസരിച്ച് ടിയാന്റെ പ്രൊമോഷൻ 23.11.2012 പ്രാബല്യത്തിൽ ക്രമീകരിച്ചത്. ഇത് നിയമാനുസൃതമായ നടപടിയാണ്.

6) കെ.എസ്. & എസ്.എസ്.ആർ റൂൾ 27-ന്റെ ജി.ഒ.(പി) 41/90/പി.&എ.ആർ.ഡി. തീയതി 17.09.1990 പ്രകാരമുള്ള ഭേദഗതി അപേക്ഷകന്റെ കാര്യത്തിൽ പ്രസക്തമല്ല. നേരിട്ടുള്ള നിയമനത്തിനും, ബൈട്രാൻസ്ഫർ നിയമനത്തിനും ഊഴം (turn) നിശ്ചയിച്ചിട്ടുള്ള വകുപ്പുകളിൽ മാത്രമേ അത് പ്രസക്തമാകൂ. ഗ്രാമവികസന വകുപ്പിൽ വിവിധ വിഭാഗം ജീവനക്കാർക്കും പൊതുവിഭാഗത്തിനുമായി മൊത്തത്തിൽ 52:51:39:12 എന്ന അനുപാതത്തിലുള്ള ക്വോട്ടയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിലുമുണ്ടാകുന്ന ഒഴിവുകൾ അതാത് വിഭാഗം ജീവനക്കാരിൽ നിന്ന് നികത്തുകയാണ് ചെയ്തുവരുന്നത്. അതിനാൽ താല്ക്കാലിക പ്രൊമോഷനുകൾ 27.01.2009 പ്രാബല്യത്തിൽ ക്രമീകരിക്കണമെന്ന ആവശ്യം അംഗീകരിക്കാവുന്നതല്ല. സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ ക്രമമനുസരിച്ചാണ് ശ്രീ.അബ്ദുൾ സലാമിന്റെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലെ നിയമനം ക്രമീകരിച്ചിട്ടുള്ളത്. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കുന്നതിനുള്ള നടപടി ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്. സംയോജിത സീനിയോറിറ്റി ലിസ്റ്റിന് വിരുദ്ധമായ വിധത്തിൽ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെന്നു കാണുന്ന പക്ഷം ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ സൂചന (4)-ലെ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

7) ശ്രീ.അബ്ദുൾ സലാമിന് 27.01.2009-ൽ നൽകിയത് **താൽക്കാലിക പ്രൊമോഷൻ** ആയതിനാൽ, കേഡർ സ്ട്രെങ്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് പ്രൊമോഷൻ 23.11.2012 പ്രാബല്യത്തിൽ ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ, പ്രൊമോഷൻ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയായ ശേഷമേ വാർഷിക ഇൻക്രിമെന്റ് അനുവദിക്കുവാൻ വ്യവസ്ഥയുള്ളൂ. മേൽ സാഹചര്യത്തിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ.അബ്ദുൽ സലാം ഇ.-യുടെ സൂചന (2)-ലെ അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം, 27.01.2009 പ്രാബല്യത്തിൽ പ്രമോഷൻ ക്രമീകരിക്കണമെന്ന ആവശ്യം നിരസിക്കുന്നു. കൂടാതെ, പ്രൊമോഷൻ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയായതിനു ശേഷമേ വാർഷിക ഇൻക്രിമെന്റ് അനുവദിക്കുവാൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ സൂചന (2)-ലെ അപ്പീലിലെ ഇൻക്രിമെന്റ് സംബന്ധമായ ആവശ്യവും പരിഗണനാർഹമല്ല.

8) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (BDO) തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കുന്നതിനുള്ള നടപടി ഗ്രാമവികസന കമ്മീഷണറേറ്റിൽ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സംയോജിത സീനിയോറിറ്റി ലിസ്റ്റിനു വിരുദ്ധമായ വിധത്തിൽ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെന്നു കാണുന്ന പക്ഷം ആവശ്യമായ തിരുത്തലുകൾ ഗ്രാമവികസന കമ്മീഷണർ വരുത്തേണ്ടതാണ്.

9) മേൽ വിവരിച്ച പ്രകാരം, ശ്രീ.അബ്ദുൽ സലാം ഇ.-യുടെ സൂചന (2)-ലെ അപ്പീൽ നിരസിച്ചുകൊണ്ടും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീജ പി.എസ്.**
**അണ്ടർ സെക്രട്ടറി**

ശ്രീ.അബ്ദുൾ സലാം ഇ., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വെളിയനാട്, ആലപ്പുഴ - 689 595.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

✓ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ